**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1716** **16-10-2026-ൽ മറുപടിയ്ക്ക്**

**നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജിന്റെ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവ്വകലാശാലയുടെ ഡയറി സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനും, ക്ഷീരവികസന വകുപ്പിന് പുൽകൃഷി നടത്തുന്നതിനുമായി കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിലെ ബ്ലോക്ക് 31-ലെ റീസർവ്വെ നമ്പർ 45/1, 66 എന്നിവയിൽ ഉൾപ്പെട്ടു വരുന്ന 206 ഹെക്ടർ 45 ആർ ഭൂമിയിൽ നിന്നും 6.4749 ഹെക്ടർ (16 ഏക്കർ) ഭൂമി രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ക്ഷീരവികസന വകുപ്പിന് കൈമാറി നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 17.02.2026ലെ സ.ഉ.(കൈ) 78/2026/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

എന്നാൽ, പ്രസ്തുത ഭൂമി ഇതുവരെ സർവകലാശാലയുടെ പേരിൽ അളന്ന് തിട്ടപ്പെടുത്തി കൈമാറിയിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി അളന്ന് തിട്ടപ്പെടുത്തി സർവകലാശാലയുടെ പേരിൽ കൈമാറുന്ന മുറയ്ക്ക് നെട്ടുകാൽത്തേരിയിൽ ഡയറി കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത കോളേജിന്റെ നിർമ്മാണത്തിനും അക്കാദമികമായും ഭരണപരമായും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഭരണാനുമതി, സാങ്കേതികാനുമതി, സാമ്പത്തികാനുമതി എന്നിവ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച തുക,അനുമതിയുടെ തീയതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവ്വകലാശാലയുടെ ഡയറി സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനും, ക്ഷീരവികസന വകുപ്പിന് പുൽകൃഷി നടത്തുന്നതിനുമായി കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിലെ ബ്ലോക്ക് 31-ലെ റീസർവ്വെ നമ്പർ 45/1, 66 എന്നിവയിൽ ഉൾപ്പെട്ടു വരുന്ന 206 ഹെക്ടർ 45 ആർ ഭൂമിയിൽ നിന്നും 6.4749 ഹെക്ടർ (16 ഏക്കർ) ഭൂമി രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധന കൾക്കും

വിധേയമായി ക്ഷീരവികസന വകുപ്പിന് കൈമാറി നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 17.02.2026ലെ സ.ഉ.(കൈ) 78/2026/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

എന്നാൽ, പ്രസ്തുത ഭൂമി ഇതുവരെ സർവകലാശാലയുടെ പേരിൽ അളന്ന് തിട്ടപ്പെടുത്തി കൈമാറിയിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി അളന്ന് തിട്ടപ്പെടുത്തി സർവകലാശാല യുടെ പേരിൽ കൈമാറുന്ന മുറയ്ക്ക് നെട്ടുകാൽത്തേരിയിൽ ഡയറി കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** ക്ഷീരമേഖലയിലെ വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലനം, അധ്യാപന-ഗവേഷണ പ്രവർത്തനങ്ങൾ, കർഷകർക്ക് സാങ്കേതിക പരിശീലനം എന്നിവ ഉറപ്പാക്കുന്നതിനായി പ്രസ്തുത കോളേജിനോട് അനുബന്ധമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഡയറി ഫാം, പരിശീലന കേന്ദ്രം, ഗവേഷണ സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** നെട്ടുകാൽത്തേരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഡയറി സയൻസ് കോളേജിനായി തയ്യാറാക്കിയ പദ്ധതി നിർദ്ദേശത്തിൽ ക്ഷീരമേഖലയിൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനും അധ്യാപന-ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ക്ഷീരകർഷകർക്ക് സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഡയറി ഫാം പരിശീലന കേന്ദ്രവും ഗവേഷണ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ഡി)** നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജും അനുബന്ധ ഡയറി ഫാമും യാഥാർത്ഥ്യമാക്കുന്നതിലൂടെ പ്രദേശത്തെ ക്ഷീരകർഷകർക്ക് ലഭിക്കുന്ന സാങ്കേതികവും പരിശീലനപരവുമായ പ്രയോജനങ്ങൾ കണക്കിലെടുത്ത്, പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുമോ; ഇതിനായി നിശ്ചിത സമയക്രമം തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** നെട്ടുകാൽത്തേരിയിലെ പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി സർവകലാശാലയുടെ പേരിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിർത്തി നിർണയം കഴിഞ്ഞാൽ മാത്രമേ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**